**മധുരമായ കുട്ടികളേ– പ്രീതവും വിപരീതവും, ഇവ പ്രവൃത്തി മാർഗ്ഗത്തിലെ വാക്കുകളാണ്, ഇപ്പോൾ നിങ്ങളുടെ പ്രീതി ഒരു ബാബയോടായിരിക്കുന്നു, നിങ്ങൾ കുട്ടികൾ നിരന്തരം ബാബയുടെ ഓർമ്മയിലാണ് ഇരിക്കുന്നത്.**

**ചോദ്യം–** ഓർമ്മയുടെ യാത്രയ്ക്ക് വേറെ എന്തുപേര് നൽകും?
**ഉത്തരം–** ഓർമ്മയുടെ യാത്ര പ്രീതിയുടെ യാത്രയാണ്. വിപരീത ബുദ്ധിയുള്ളവരിൽ നിന്നും നാമ രൂപങ്ങളിൽ കുടുങ്ങിയതിന്റെ ദുർഗന്ധം വരും. അവരുടെ ബുദ്ധി തമോപ്രധാനമായി മാറുന്നു. ആർക്കാണോ ഒരേയൊരു ബാബയോട് പ്രീതിയുള്ളത് അവർ ജ്ഞാനം ദാനം ചെയ്തുകൊണ്ടിരിക്കും. ഒരു ദേഹധാരിയിലും അവർക്ക് പ്രീതിയുണ്ടാകില്ല.

**ഗീതം–** ഈ സമയം പോയിക്കൊണ്ടിരിക്കുകയാണ്..............

**ഓം ശാന്തി**. അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഇപ്പോൾ ഇതിനെ ഓർമ്മയുടെ യാത്ര എന്നും പറയും പ്രീതിയുടെ യാത്ര എന്നും പറയാം. മനുഷ്യരാണെങ്കിൽ ആ യാത്രകളാണ് ചെയ്യുന്നത്. ഇത് രചനകളുടെ അടുത്തേയ്ക്ക് യാത്ര പോകലാണ്, ഭിന്ന ഭിന്ന രചനകളുണ്ടല്ലോ. രചയിതാവിനെ ആർക്കും അറിയുകയില്ല. ഇപ്പോൾ നിങ്ങൾക്ക് രചയിതാവായ ബാബയെ അറിയാം, ആ ബാബയുടെ ഓർമ്മയിൽ നിങ്ങൾ ഒരിയ്ക്കലും നിന്നുപോകരുത്. നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത് ഓർമ്മയുടെ യാത്രയാണ്. ഇതിനെ ഓർമ്മയുടെ യാത്ര അഥവാ പ്രീതിയുടെ യാത്ര എന്നു പറയുന്നു. ആർക്കാണോ കൂടുതൽ പ്രീതിയുള്ളത് അവർ വളരെ നന്നായി യാത്ര ചെയ്യും. എത്രത്തോളം സ്നേഹത്തോടെ യാത്ര ചെയ്യുന്നുവോ അതിനനുസരിച്ച് പവിത്രമായും മാറും. ശിവഭഗവാന്റെ വാക്കുകളല്ലേ. വിനാശകാലത്ത് വിപരീത ബുദ്ധിയും പിന്നെ വിനാശകാലത്ത് പ്രീതബുദ്ധിയും. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ വിനാശകാലമാണ്. ഇത് അതേ ഗീതാ കാണ്ഡം നടന്നുകൊണ്ടിരിക്കുകയാണ്. ബാബ ശ്രീകൃഷ്ണന്റെ ഗീതയും ത്രിമൂർത്തി ശിവഭഗവാന്റെ ഗീതയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിത്തന്നിട്ടുണ്ട്! ഇപ്പോൾ ഗീതയുടെ ഭഗവാൻ ആരാണ്? പരമപിതാ ശിവഭഗവാന്റെ വാക്കുകളാണ്. വെറും ശിവൻ എന്ന വാക്കുമാത്രം എഴുതരുത് എന്തുകൊണ്ടെന്നാൽ ശിവൻ എന്ന പേര് ഒരുപാടുപേർക്കുണ്ട് അതിനാൽ പരമപിതാ പരമാത്മാവ് എന്ന് എഴുതുമ്പോൾ വളരെ ഉയർന്നതാകും. സ്വയം പരമപിതാവാണ് എന്ന് ആർക്കും പറയാൻ പറ്റില്ല. സന്യാസിമാർ ശിവോഹം എന്ന് പറയാറുണ്ട്, അവർക്ക് ബാബയെ ഓർമ്മിക്കാൻ പോലും കഴിയില്ല. ബാബയെ അറിയുകയേയില്ല. ബാബയോട് പ്രീതിയില്ല. പ്രീതിയും വിപരീത ബുദ്ധിയും ഇത് പ്രവൃത്തി മാർഗ്ഗത്തിനു വേണ്ടിയുള്ളതാണ്. ചില കുട്ടികൾ അച്ഛനോട് പ്രീതബുദ്ധിയുള്ളവരായിരിക്കും, എന്നാൽ ചിലരുടേത് വിപരീത ബുദ്ധിയായിരിക്കും. നിങ്ങളിലും അതുപോലെയാണ്. ബാബയുടെ സേവനത്തിൽ താല്പര്യമുള്ളവർ ബാബയോട് പ്രീതബുദ്ധിയുള്ളവരാണ്. ബാബയോടല്ലാതെ മറ്റാരോടും പ്രീതിയുണ്ടാകില്ല. ശിവബാബയോട് പറയാറുണ്ട് ബാബാ ഞങ്ങൾ അങ്ങയുടെ സഹായികളാണ്. ബ്രഹ്മാവിന്റെ കാര്യമേയില്ല. ശിവബാബയോട് ഏതെല്ലാം ആത്മാക്കൾക്ക് പ്രീതിയുണ്ടോ അവർ തീർച്ചയായും സഹായിയാവും. ശിവബാബയോടൊപ്പം അവർ സേവനം ചെയ്തുകൊണ്ടിരിക്കും. പ്രീതിയില്ലെങ്കിൽ വിപരീത ബുദ്ധിയായി മാറും, വിപരീത ബുദ്ധിയുള്ളവർ വിനാശമാകും. ആർക്ക് ബാബയോട് പ്രീതിയുണ്ടോ അവർ സഹായിയും ആവും. എത്രത്തോളം പ്രീതിയുണ്ടോ അത്രത്തോളം സഹായിയാവും. ഓർമ്മിക്കുന്നേയില്ലെങ്കിൽ പ്രീതിയില്ല. പിന്നീട് ദേഹധാരികളോട് പ്രീതിയുണ്ടാകും. മനുഷ്യർ പരസ്പരം ഓർമ്മയ്ക്കായി സാധനങ്ങൾ നൽകാറില്ലേ. അത് തീർച്ചയായും ഓർമ്മ വരും.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ അവിനാശിയായ ജ്ഞാനരത്നങ്ങൾ സമ്മാനമായി നൽകുന്നു, ഇതിലൂടെ നിങ്ങൾ രാജധാനി പ്രാപ്തമാക്കുന്നു. അവിനാശിയായ ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്യുന്നുണ്ടെങ്കിൽ പ്രീതബുദ്ധിയാണ്. അറിയാം ബാബ എല്ലാവരുടേയും മംഗളം ചെയ്യാൻ വന്നിരിക്കുകയാണ്, നമുക്കും സഹായിയാവണം. ഇങ്ങനെയുള്ള പ്രീതബുദ്ധികൾ വിജയിയാവും. ആരാണോ ഓർമ്മിക്കുക പോലും ചെയ്യാത്തത് അവർ പ്രീതബുദ്ധിയല്ല. ബാബയോട് പ്രീതിയുണ്ടെങ്കിൽ, ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും മാത്രമല്ല മറ്റുള്ളവർക്കും മംഗളത്തിനുള്ള വഴി പറഞ്ഞുകൊടുക്കും. നിങ്ങൾ ബ്രാഹ്മണകുട്ടികളിലും പ്രീതബുദ്ധിയുടെയും വിപരീത ബുദ്ധിയുടെയും ഉദാഹരണമുണ്ട്. ബാബയെ കൂടുതൽ ഓർമ്മിക്കുന്നവർ പ്രീതബുദ്ധിയുള്ളവരാണ്. ബാബ പറയുന്നു എന്നെ നിരന്തരം ഓർമ്മിക്കൂ, എന്റെ സഹായിയായി മാറൂ. രചനയ്ക്ക് ഒരേയൊരു രചയിതാവായ ബാബയുടെ ഓർമ്മയാണ് വേണ്ടത്. ഒരു രചന

യേയും ഓർമ്മിക്കേണ്ടതില്ല. ലോകത്തിൽ ആർക്കും രചയിതാവിനെ അറിയില്ല, ഓർമ്മിക്കുന്നില്ല. സന്യാസിമാർ പോലും ബ്രഹ്മത്തെയാണ് ഓർമ്മിക്കുന്നത്, അതും രചനയാണ്. എല്ലാവരുടേയും രചയിതാവ് ഒരേയൊരാളാണ്. ബാക്കി എന്തെല്ലാം വസ്തുക്കൾ ഈ കണ്ണുകൾകൊണ്ട് കാണുന്നുവോ അതെല്ലാം രചനയാണ്. കാണാൻ കഴിയാത്തത് രചയിതാവായ ബാബയെയാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരനുപോലും ചിത്രമുണ്ട്. അവരും രചനകളാണ്. ബാബ നിർമ്മിക്കാൻ പറഞ്ഞ ചിത്രത്തിൽ മുകളിൽ പരമപിതാ പരമാത്മാവ് ത്രിമൂർത്തി ശിവഭഗവാനുവാചാ എന്ന് എഴുതണം. ആരെങ്കിലും സ്വയം ഭഗവാനാണെന്ന് പറഞ്ഞാലും സ്വയം പരമപിതാവാണ് എന്ന് പറയാൻ പറ്റില്ല. നിങ്ങളുടെ ബുദ്ധിയോഗം ശിവബാബയുമായാണ്, അല്ലാതെ ശരീരവുമായല്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് സ്വയം അശരീരിയായ ആത്മാവാണ് എന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. പ്രീതിയുടേയും വിപരീതത്തിന്റേയും ആധാരം സേവനമാണ്. കൂടുതൽ പ്രീതിയുണ്ടെങ്കിൽ സേവനവും കൂടുതൽ ചെയ്യും, അപ്പോഴാണ് വിജയി എന്നു പറയുക. തീർച്ചയായും എല്ലാവരുടേയും വിനാശം ഉണ്ടാകും, പക്ഷേ ഇത് പ്രത്യേകമായും പ്രീതിയുടേയും വിപരീത ബുദ്ധിയുടേയും കാര്യമാണ്. രചയിതാവായ ബാബ ഒന്നേയുള്ളൂ, അവരെത്തന്നെയാണ് ശിവപരമാത്മായെ നമ: എന്നു പറയുന്നത്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. ശങ്കരന്റെ ജയന്തി എന്ന് എവിടെയും കേട്ടിട്ടില്ല. പ്രജാപിതാ ബ്രഹ്മാവിന്റേയും പേര് പ്രസിദ്ധമാണ്, വിഷ്ണുവിന്റെ ജയന്തി ആഘോഷിക്കുന്നില്ല, കൃഷ്ണന്റേത് ആഘോഷിക്കുന്നുണ്ട്. ഇതുപോലും ആർക്കും അറിയില്ല– കൃഷ്ണനും വിഷ്ണുവും തമ്മിൽ എന്താണ് വ്യത്യാസം? മനുഷ്യരുടേത് വിനാശകാലത്തെ വിപരീത ബുദ്ധിയാണ്. അതിനാൽ നിങ്ങളിലും പ്രീതബുദ്ധിയും വിപരീത ബുദ്ധിയും ഇല്ലേ. ബാബ പറയുന്നു നിങ്ങളുടെ ഈ ആത്മീയ ജോലി വളരെ നല്ലതാണ്. രാവിലേയും വൈകുന്നേരവും ഈ ആത്മീയ സേവനത്തിൽ മുഴുകണം. വൈകുന്നേരത്തെ 6 മുതൽ 7 മണിവരെയുള്ള സമയം നല്ലതാണ് എന്ന് പറയാറുണ്ട്. സത്സംഗവും രാവിലെയും വൈകുന്നേരവുമാണ് ഉണ്ടാവുക. രാത്രിയിൽ വായുമണ്ഡലം മോശമായിരിക്കും. രാത്രിയിൽ ആത്മാവ് സ്വയം ശാന്തിയിലേയ്ക്ക് പോകും അതിനെയാണ് ഉറക്കം എന്ന് പറയുന്നത്. പിന്നീട് രാവിലെ ഉണരുന്നു. അതിരാവിലെ രാമനെ ഓർമ്മിച്ച് മനസ്സ് ശുദ്ധമാക്കൂ എന്ന് പറയാറുണ്ട്. ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു അച്ഛനായ എന്നെ ഓർമ്മിക്കൂ. ശിവബാബ എപ്പോഴാണോ ശരീരത്തിലേയ്ക്ക് പ്രവേശിക്കുന്നത് അപ്പോഴേ എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും എന്ന് പറയാൻ കഴിയൂ. നിങ്ങൾ കുട്ടികൾക്ക് അറിയാം ഞാൻ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട് ബാബയുടെ ആത്മീയ സേവനം ചെയ്യുന്നുണ്ട് എന്ന്. എല്ലാവർക്കും ഈ പരിചയം തന്നെ നൽകണം– സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. അഴുക്ക് ഇളകും. പ്രീതബുദ്ധിയിലും ശതമാനമുണ്ട്. ബാബയോട് പ്രീതിയില്ലെങ്കിൽ തീർച്ചയായും തന്റെ ദേഹത്തോട് പ്രീതിയുണ്ട് അല്ലെങ്കിൽ മിത്ര സംബന്ധികളിൽ പ്രീതിയുണ്ട്. ബാബയോട് പ്രീതിയുണ്ടെങ്കിൽ സേവനത്തിൽ മുഴുകും. ബാബയോട് പ്രീതിയില്ലെങ്കിൽ സേവനത്തിൽ മുഴുകില്ല. ആർക്കെങ്കിലും അല്ലാഹുവിന്റേയും സമ്പത്തിന്റേയും രഹസ്യം മനസ്സിലാക്കിക്കൊടുക്കുക എന്നത് വളരെ സഹജമാണ്. അല്ലയോ ഭഗവാനേ, അല്ലയോ പരമാത്മാവേ എന്നുപറഞ്ഞ് ഓർമ്മിക്കുന്നു പക്ഷേ അവരെ തീർത്തും അറിയുന്നില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഓരോ ചിത്രങ്ങളുടേയും മുകളിൽ ത്രിമൂർത്തീ ശിവഭഗവാനുവാചാ എന്ന് തീർച്ചയായും എഴുതണം എങ്കിൽ ആർക്കും ഒന്നും പറയാൻ പറ്റില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ തൈ നടീൽ നടക്കുകയാണ്. എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കൂ എങ്കിൽ ബാബയുടെ അടുത്ത് വന്ന് സമ്പത്ത് എടുക്കും. ബാബയെ അറിയുകയേയില്ല അതിനാൽ പ്രീതബുദ്ധിയും ഇല്ല. പാപം വർദ്ധിച്ച് വർദ്ധിച്ച് പൂർണ്ണമായും തമോപ്രധാനമായി മാറിയിരിക്കുന്നു. ആരാണോ ഒരുപാട് ഓർമ്മിക്കുന്നത് അവർക്ക് ബാബയോട് പ്രീതിയുണ്ടാകും. അവരുടെ ബുദ്ധിയാണ് സ്വർണ്ണിമയുഗത്തിലേതാവുക. അഥവാ മറ്റുഭാഗങ്ങളിലേയ്ക്ക് ബുദ്ധി അലഞ്ഞുകൊണ്ടിരുന്നാൽ തമോപ്രധാനമായിത്തന്നെയിരിക്കും. മുന്നിൽ ഇരിക്കുന്നുണ്ടാകും എങ്കിലും പ്രീതബുദ്ധി എന്നു പറയില്ല കാരണം ഓർമ്മിക്കുന്നേയില്ല. പ്രീതബുദ്ധിയുടെ അടയാളം ഓർമ്മയാണ്. അവർ ധാരണ ചെയ്യും മറ്റുള്ളവരിലും ദയ കാണിക്കും അതായത് ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പാവനമായി മാറും. ഇത് ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുക വളരെ സഹജമാണ്. ബാബ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി കുട്ടികൾക്കു തന്നെയാണ് നൽകുന്നത്. തീർച്ചയായും ശിവബാബ വന്നിരുന്നു അതിനാലല്ലേ ശിവജയന്തി ആഘോഷിക്കുന്നത്. കൃഷ്ണനും രാമനും എല്ലാവരും വന്നുപോയവരാണ് അതിനാലാണ് ആഘോഷിക്കുന്നത്. ശിവബാബയേയും ഓർമ്മിക്കുന്നു എന്തുകൊണ്ടെന്നാൽ ബാബ വന്ന് കുട്ടികൾക്ക് വിശ്വരാജ്യ അധികാരം നൽകുന്നു, പുതിയ ആർക്കും ഇത് മനസ്സിലാക്കാൻ പറ്റില്ല. ഭഗവാൻ വന്ന് എങ്ങനെ സമ്പത്ത് തരും, തീർത്തും കല്ലുബുദ്ധികളാണ്. ഓർമ്മിക്കുന്നതിനുള്ള ബുദ്ധിയില്ല. ബാബ സ്വയം പറയുന്നു നിങ്ങൾ അരകല്പത്തിലെ പ്രിയതമകളാണ്. ഞാൻ ഇപ്പോൾ വന്നിരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ എത്ര ബുദ്ധിമുട്ടുകൾ അനുഭവിച്ചു. പക്ഷേ ആർക്കും ഭഗവാനെ ലഭിച്ചില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കു

ന്നുണ്ട് ബാബ ഭാരതത്തിൽ തന്നെയാണ് വന്നത് പിന്നെ മുക്തി– ജീവന്മുക്തിയുടെ വഴിയും പറഞ്ഞുതന്നിരുന്നു. കൃഷ്ണൻ ഈ വഴി പറഞ്ഞുതരുന്നില്ല. ഭഗവാനുമായി എങ്ങനെ പ്രീതി വെയ്ക്കണം എന്നത് ബാബ വന്ന് ഭാരതവാസികളെയാണ് പഠിപ്പിക്കുന്നത്. വരുന്നതും ഭാരതത്തിലാണ്. ശിവജയന്തി ആഘോഷിക്കുന്നുണ്ട്. നിങ്ങൾ കുട്ടികൾക്ക് അറിയാം ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, അവരുടെ പേര് ശിവൻ എന്നാണ് അതിനാൽ നിങ്ങൾ ശിവജയന്തി വജ്രസമാനമാണ് എന്ന് എഴുതുന്നു, ബാക്കി എല്ലാവരുടേയും ജയന്തി കക്കയ്ക്കുസമാനമാണ്. ഇങ്ങനെ എഴുതിയാൽ എല്ലാവരും വഴക്കിടും അതിനാൽ ഓരോ ചിത്രത്തിനും മുകളിൽ ശിവഭഗവാനുവാചാ എന്ന് എഴുതണം എങ്കിൽ നിങ്ങൾ സുരക്ഷിതരായിരിക്കും. ചില കുട്ടികൾ പൂർണ്ണമായി മനസ്സിലാക്കില്ല അതിനാൽ പിണങ്ങുന്നു. മായയുടെ ഗ്രഹപ്പിഴ ആദ്യമാദ്യം ബുദ്ധിയിലാണ് അടിക്കുന്നത്. ബാബയുമായുള്ള ബുദ്ധിയോഗം തന്നെ പൊട്ടിക്കുന്നു, ഇതിലൂടെ പൂർണ്ണമായും മുകളിൽ നിന്ന് താഴേ പതിക്കുന്നു. ദേഹധാരികളിൽ ബുദ്ധി കുടുങ്ങിയാൽ ബാബയോട് വിപരീത ബുദ്ധിയാകുന്നു. നിങ്ങൾക്ക് പ്രീതി വെയ്ക്കേണ്ടത് ഒരേയൊരു വിചിത്രനും വിദേഹിയുമായ ബാബയോടാണ്. ദേഹധാരികളിൽ പ്രീതി വെയ്ക്കുന്നത് നഷ്ടമുണ്ടാക്കിവെയ്ക്കും. ബുദ്ധി മുകളിൽ നിന്നും മുറിഞ്ഞാൽ പൂർണ്ണമായും താഴേയ്ക്ക് പതിക്കും. തീർച്ചയായും ഇത് അനാദിയായ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ് എങ്കിൽ മനസ്സിലാക്കിക്കൊടുക്കുന്നതല്ലേ ശരി. വിപരീത ബുദ്ധികളിൽ നിന്നും നാമരൂപങ്ങളിൽ കുടുങ്ങിയതിന്റെ ദുർഗന്ധം വമിക്കുന്നു. ഇല്ലെങ്കിൽ സേവനത്തിനായി തയ്യാറായിരിക്കും. ബാബ ഇന്നലെയും നന്നായി മനസ്സിലാക്കിത്തന്നു– മുഖ്യമായ കാര്യം ഗീതയുടെ ഭഗവാൻ ആരാണ് എന്നതാണ്. ഇതിലാണ് നിങ്ങളുടെ വിജയം ഉണ്ടാകേണ്ടത്. നിങ്ങൾ ചോദിക്കുന്നു ഗീതയുടെ ഭഗവാൻ കൃഷ്ണനാണോ അതോ ശിവനാണോ? സുഖം നൽകുന്നത് ആരാണ്? സുഖം നൽകുന്നത് ശിവഭഗവാനാണ് എങ്കിൽ വോട്ട് ശിവബാബക്ക് കൊടുക്കണം. ബാബയ്ക്കാണ് മഹിമയുള്ളത്. ഇപ്പോൾ വോട്ട് നൽകൂ ഗീതയുടെ ഭഗവാൻ ആരാണ്? ശിവഭഗവാന് വോട്ട് നൽകുന്നവരെ പ്രീതബുദ്ധി എന്നു പറയും. ഇത് വളരെ വലിയ ഇലക്ഷനാണ്. മുഴുവൻ ദിവസവും വിചാരസാഗര മഥനം ചെയ്യുന്നവരുടെ ബുദ്ധിയിൽ ഈ കാര്യങ്ങളെല്ലാം വരും.

ചില കുട്ടികൾ മുന്നോട്ട് പോകവേ പിണങ്ങുന്നു. ഇപ്പോൾ നോക്കുമ്പോൾ പ്രീതിയുണ്ടാകും, പിന്നെ നോക്കുമ്പോൾ പ്രീതി മുറിഞ്ഞിട്ടുണ്ടാകും, പിണങ്ങുന്നു. എന്തെങ്കിലും കാര്യത്തിന് പിണങ്ങിയാൽ പിന്നെ ഓർമ്മിക്കുന്നേയില്ല. കത്തും എഴുതുന്നില്ല. പ്രീതിയില്ലെന്ന് അർത്ഥം. അതിനാൽ ബാബയും 6–8 മാസം കത്ത് എഴുതില്ല. ബാബ കാലന്റേയും കാലൻ കൂടിയല്ലേ! മാത്രമല്ല ധർമ്മരാജനുമാണ്. ബാബയെ ഓർമ്മിക്കുന്നതിനുള്ള സമയമില്ലെങ്കിൽ പിന്നെ നിങ്ങൾ എന്ത് പദവി നേടും. പദവി നഷ്ടമാകും. ആരംഭത്തിൽ ബാബ വളരെ യുക്തിപൂർവ്വമാണ് പദവി പറഞ്ഞു തന്നിരുന്നത്. ഇപ്പോൾ അങ്ങിനെയൊന്നും തന്നെയില്ല. ഇപ്പോൾ വീണ്ടും മാലയുണ്ടാകണം. സർവ്വീസബിളായ കുട്ടികളുടെ മഹിമ ബാബപോലും പാടും. ആരാണോ സ്വയം ചക്രവർത്തിയായി മാറുന്നത് അവർ തന്റെ തരത്തിലുള്ളവരും ആവട്ടെ എന്നു പറയും. ഇവരും എന്നെപ്പോലെ രാജ്യം ഭരിക്കണം. രാജാവിനെ അന്ന ദാതാവ്, മാതാപിതാവ് എന്ന് പറയാറുണ്ട്. ഇപ്പോൾ മാതാവ് ജഗദംബയാണ്, അവരിലൂടെ നിങ്ങൾക്ക് അളവില്ലാത്ത സുഖം ലഭിക്കുന്നു. നിങ്ങൾക്ക് പുരുഷാർത്ഥത്തിലൂടെ ഉയർന്ന പദവി നേടണം. ദിനംപ്രതിദിനം നിങ്ങൾ കുട്ടികൾക്ക് മനസ്സിലായിക്കൊണ്ടിരിക്കും– ആര് ആരെല്ലാം എന്തെല്ലാമായി മാറും? സേവനം ചെയ്യുകയാണെങ്കിൽ ബാബയും അവരെ ഓർമ്മിക്കും. സേവനം ചെയ്യുന്നേയില്ലെങ്കിൽ ബാബ എന്തിന് അവരെ ഓർമ്മിക്കണം! ആരാണോ പ്രീതബുദ്ധികളായ കുട്ടികൾ അവരെയാണ് ബാബ ഓർമ്മിക്കുന്നത്.

ഇതും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ആരെങ്കിലും നൽകിയ വസ്ത്രം അണിഞ്ഞാൽ അവരുടെ ഓർമ്മ വരും. ബാബയുടെ ഭണ്ഢാരത്തിൽ നിന്നും എടുത്താൽ ശിവബാബയുടെ ഓർമ്മവരും. ബാബ സ്വയം അനുഭവം പറഞ്ഞുതരികയാണ്. ഓർമ്മ തീർച്ചയായും വരും അതിനാൽ ആരെങ്കിലും നൽകിയ വസ്തു സൂക്ഷിക്കരുത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1) ഒരേയൊരു വിദേഹിയും വിചിത്രനുമായ ബാബയോട് ഹൃദയത്തിൽ നിന്നുള്ള സത്യമായ പ്രീതി വെയ്ക്ക

ണം. മായയുടെ ഗ്രഹപ്പിഴ ഒരിയ്ക്കലും ബുദ്ധിയുമായി യുദ്ധം ചെയ്യാനനുവദിക്കരുത്– ഇതിൽ സദാ ശ്രദ്ധവേണം.

2) ഒരിയ്ക്കലും ബാബയോട് പിണങ്ങരുത്. സർവ്വീസബിളായി മാറി തന്റെ ഭാവിയെ ശ്രേഷ്ഠമാക്കി മാറ്റണം. ആരെങ്കിലും നൽകിയ വസ്തുക്കൾ തന്റെ പക്കൽ സൂക്ഷിക്കരുത്.

## വരദാനം:– ശുദ്ധിയുടെ വിധിയിലൂടെ കോട്ടയെ ശക്തിപ്പെടുത്തുന്ന സദാ വിജയിയും നിർവ്വിഘ്നരുമായി ഭവിക്കട്ടെ.

ഈ കോട്ടയിൽ ഓരോ ആത്മാവും സദാ വിജയിയും നിർവ്വിഘ്നരുമായി മാറട്ടെ, ഇതിന് വേണ്ടി പ്രത്യേക സമയത്ത് നാല് ഭാഗത്തും ഒരുമിച്ച് യോഗം ചെയ്യുന്നതിന്റെ പ്രോഗ്രാം വെക്കൂ. പിന്നെ ആർക്കും തന്നെ ഈ കമ്പിയെ മുറിക്കാൻ സാധിക്കില്ല, എന്തുകൊണ്ടെന്നാൽ എത്രയും സേവ വർദ്ധിപ്പിക്കുന്നുവോ അത്രയും മായ തന്റേതാക്കുന്നതിനുള്ള പ്രയത്നവും ചെയ്യും. അതിനാൽ ഏതെങ്കിലും കാര്യം ആരംഭിക്കുന്നതിന് മുമ്പ് ശുദ്ധിയാക്കുന്നതിനുള്ള വിധികൾ സ്വീകരിക്കുന്നത് പോലെ കൂട്ടായ്മയോടെ താങ്കൾ സർവ്വശ്രേഷ്ഠാത്മാക്കളുടെ ഒറ്റ ശുദ്ധസങ്കൽപമാണ്– വിജയി, ഇതാണ് ശുദ്ധിയുടെ വിധി– ഇതിലൂടെ കോട്ട ശക്തിശാലിയായി മാറും.

## സ്ലോഗൻ:– യുക്തിയുക്തവും യഥാർത്ഥവുമായ സേവനത്തിന്റെ പ്രത്യക്ഷഫലമാണ് സന്തുഷ്ടത.

**അവ്യക്ത സൂചന:– സത്യതയും സഭ്യതയുമാകുന്ന സംസ്കാരത്തെ സ്വായത്തമാക്കൂ.**
ബ്രാഹ്മണജീവിതത്തിൽ ഒന്നാമത്തെ സംസ്കാരമാണ് "സത്യതയും സഭ്യതയും". എങ്കിൽ ഓരോരുത്തരുടെയും മുഖത്തും പെരുമാറ്റത്തിലും ഈ ബ്രാഹ്മണ സംസ്കാരം പ്രത്യക്ഷമാകണം. ഓരോ ബ്രാഹ്മണനും പുഞ്ചിരിച്ചുകൊണ്ട് മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരണം. ആര് എങ്ങനെയുള്ളവരാകട്ടെ താങ്കൾ താങ്കളുടെ ഈ സംസ്കാരം ഒരിക്കലും ഉപേക്ഷിക്കരുത് എങ്കിൽ സഹജമായി പരമാത്മാ പ്രത്യക്ഷതക്ക് നിമിത്തമായി മാറും.